# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1052

30.10.2019-ലെ മറുപടി

### സമ്പൂർണ്ണ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) & (ബി) | കാളിപ്പാറ കുടിവെള്ളപദ്ധതി പ്രകാരം കൊല്ലയിൽ പഞ്ചായത്തിനു വേണ്ടി കുടിവെള്ള വിതരണം നടത്തുന്നതിനായി പൊൻവിളയിൽ നിന്ന് റെയിൽവേ, എൻ.എച്ച്. എന്നിവ ക്രോസ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം ധനുവച്ചപുരം ഐ.റ്റി.ഐ. പരിസരത്തു നിർമ്മിക്കുന്ന ഉപരിതല ജലസംഭരണിയിലെത്തിച്ച് വിതരണം നടത്തുവാനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ നെയ്യാറ്റിൻകര റെയിൽവേ ക്രോസിങ്ങിന് അനുമതി ലഭ്യമാകാത്തതിനാലും, പൊൻവിളയിൽ ജല സംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകാത്തതിനാലും മേൽ പറഞ്ഞ പദ്ധതി മാറ്റി നെയ്യാറ്റിൻകര റെയിൽവേ ക്രോസിങ്ങിനു മുമ്പായി കാളിപ്പാറയിൽ നിന്നു വരുന്ന പൈപ്പ് ലൈനിൽ നിന്ന് ശുദ്ധജലം ടാപ്പ് ചെയ്ത് 10 കിലോ മീറ്റർ ദൈർഘ്യത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ധനുവച്ചപുരം ഐ.റ്റി.ഐ. പരിസരത്തു നിർമ്മിക്കുന്ന ഉപരിതല ജല സംഭരണിയിലെത്തിക്കുന്നതിന് 11.80 കോടി രൂപ മതിപ്പു ചെലവു പ്രതീക്ഷിക്കുന്ന പുതിയ പദ്ധതിയുടെ പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി പരിശോധിയ്ക്കുകയുണ്ടായി. എന്നാൽ കാളിപ്പാറ പദ്ധതിയിൽ ഭരണാനുമതി തുക ലഭ്യമായതിനാൽ പുതിയ പ്രൊപ്പോസലിനെ ഡീവിയേഷൻ പ്രൊപ്പോസൽ ആയി സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ, തുടങ്ങിയ നിർമാണ പ്രവർത്തികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. ധനുവച്ച പുരത്ത് നിർമ്മിക്കുവാനുദ്ദേശിക്കുന്ന ഉപരിതല ജല സംഭരണിയുടെ തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (സി) | പെരുങ്കടവിള, ആര്യൻകോട് ഗ്രാമ പഞ്ചായത്തുകൾക്കായുള്ള കിഴക്കൻ മല കുടിവെള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | (സി) | പ്രസ്തുത പദ്ധതിയ്ക്ക് (കിഫ്ബി 2017-18) കിഫ്ബിയിൽ നിന്നും 43.09 കോടി രൂപയുടെ ധനസഹായ അനുമതി ലഭ്യമായിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**